ഉത്തരം

(എ) ഉണ്ട്.

(ബി) അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിൽ ആണ് പ്രസ്തുത പഠനം നടത്തിയത്.

(സി) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാരികളുടെ സന്ദർശനംമൂലം വരുംകാലങ്ങളിൽ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗത്ത് പ്രതിവർഷം 11.4 ശതമാനം വളർച്ച ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു. കൂടാതെ, ഇതുമൂലം 2013-ാമാണ്ട് ആകുമ്പോഴേക്കും 22,21,370 പേർക്ക് തൊഴിൽ കൊടുക്കുവാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു.

ആഭ്യന്തര ടൂറിസ്റ്റുകൾക്കുവേണ്ടിയുള്ള പാക്കേജ്

59 (4000) ശ്രീ. എ. സുജനപാൽ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര ഡൊമസ്റ്റിക് ടൂറിസ്റ്റുകൾ എത്തുന്നതായാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ആഭ്യന്തര ടൂറിസ്റ്റുകൾക്കുവേണ്ടി എന്തെല്ലാം വിധത്തിലുള്ള പാക്കേജ് നിലവിലുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിവർഷം 50 ലക്ഷത്തിലധികം ഡൊമിസ്റ്റിക് ടൂറിസ്റ്റുകൾ എത്തുന്നതായി കണക്കാക്കപ്പെടുന്നു.

(ബി) സംസ്ഥാന ടൂറിസം വകുപ്പും ഇൻഡ്യൻ എയർലൈൻസുമായി ഒപ്പുവച്ച ധാരണാ പത്രപ്രകാരം കെ.ടി.ഡി.സി.-യുടേതുൾപ്പെടെ കേരളത്തിലെ വിവിധ ഹോട്ടലുകളുമായി ചേർന്ന് ഇൻഡ്യൻ എയർലൈൻസ് ഒരു പാക്കേജ് നടപ്പാക്കിവരുന്നുണ്ട്. ഇതുകൂടാതെ കെ.ടി.ഡി.സി.-യും ഇൻഡ്യൻ റെയിൽവേയുമായി ചേർന്ന് "കെ.ടി.ഡി.സി.-റെയിൽ ഹോളിഡേയ്സ്" എന്ന പേരിൽ ഒരു പാക്കേജും നടപ്പാക്കിവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുള്ള ഹോട്ടലുകളും, ടൂർ ഓപ്പറേറ്റർമാരും ടൂറിസ്റ്റ് സീസണിന്റെ അടിസ്ഥാനത്തിൽ സമയാസമയങ്ങളിൽ പ്രത്യേക പാക്കേജുകൾ ഉണ്ടാക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly